## കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>ത്രിതല പഞ്ചായത്തുകളിലെ പഞ്ചവത്സര പദ്ധതി</u>

4835 ശ്രീ. ബെന്നി ബെഹനാൻ
'' അൻവർ സാദത്ത്
'' കെ. ശിവദാസൻ നായർ
'' സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളിൽ പഞ്ചവത്സര പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇപ്രകാരം പഞ്ചായത്തുകളിലെ പദ്ധതി രൂപീകരണത്തിലേയും, നടത്തിപ്പിലേയും കാലതാമസം എത്രമാത്രം ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളുടെ പ്ലാൻ – നോൺപ്ലാൻ ഫണ്ട് വിനിയോഗം</u>

4836 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014 മാർച്ച് 31 ലെ കണക്കുപ്രകാരം ഗ്രാമപഞ്ചായത്ത്-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ പ്ലാൻ-നോൺപ്ലാൻ ഫണ്ടുകളുടെ വിനിയോഗ വിവരങ്ങളുടെ വിശദാംശം നൽകുമോ;

(ബി) ഇതിന്റെ ബജറ്റ് വിഹിതം എത്രയായിരുന്നുവെന്നും അതിൽ ചെലവഴിച്ച തുക എത്ര ശതമാനമാണെന്നും വ്യക്തമാക്കുമോ;

(സി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രത്യേകമായി നീക്കിവെച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>കേരള തദ്ദേശ ഭരണ സേവന പ്രദാന പദ്ധതി</u>

4837

ശ്രീ. റോഷി അഗസ്റ്റിന്‍
 ,, എം. വി. ശ്രേയാംസ് കുമാര്‍
 ,, പി. സി. ജോര്‍ജ്
ഡോ. എന്‍. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരള തദ്ദേശ ഭരണ സേവന പ്രദാന പദ്ധതി എന്നാണ് നിലവില്‍ വന്നത്; ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതിയുടെ അടങ്കല്‍ തുകയായി നടപ്പുസാമ്പത്തിക വര്‍ഷം നിശ്ചയിച്ചിട്ടുള്ളത് എത്രയാണ്;

(സി) പ്രസ്തുത പദ്ധതി നിലവില്‍ വന്നതിനു ശേഷം തദ്ദേശ ഭരണ സംവിധാനത്തിന്റെയും സ്ഥാപനത്തിന്റെയും നൈപുണ്യ വര്‍ദ്ധനവിന് ക്രിയാത്മകമായി എന്തെല്ലാം കാര്യങ്ങള്‍ ചെയ്യാന്‍ സാധിച്ചു; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

ഗ്രാമയാത്രാ പദ്ധതി

4838 ശ്രീ. ഹൈബി ഈഡൻ
,, എം.എ. വാഹീദ്
,, ജോസഫ് വാഴക്കൻ
,, എം.പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമയാത്ര പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ;

(സി) എത്ര പഞ്ചായത്തുകളിൽ പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്; വിശദമാക്കുമോ'

(ഡി) ശേഷിക്കുന്ന പഞ്ചായത്തുകളിൽ പദ്ധതി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

സേവാഗ്രാമം പദ്ധതി

4839 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ 'സേവാഗ്രാമം' സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ സവിശേഷതകളും, ഘടനയും വിശദമാക്കുമോ;

(സി) സേവാകേന്ദ്രയിൽ നിന്നു ഉരുത്തിരിയുന്ന പദ്ധതികൾക്കു പ്രത്യേകം ഫണ്ട് അനുവദിക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങുന്ന സാധനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുവാൻ നടപടി</u>

4840 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്ഥാപനങ്ങൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി വാങ്ങുന്ന ഹൈമാസ്റ്റ് ലൈറ്റുകൾ, കമ്പ്യൂട്ടറുകൾ, ഫർണ്ണിച്ചറുകൾ, മറ്റ് വിവിധ ഉപകരണങ്ങൾ എന്നിവയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും, വില നിശ്ചയിക്കുന്നതിനും എന്തെല്ലാം മാനദണ്ഡങ്ങളാണ് നിലവിലുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഇതിനായി പ്രത്യേകം മാനദണ്ഡമുണ്ടാക്കി ഏജൻസികളെ നിശ്ചയിക്കുമോ;

(സി) മാനദണ്ഡം ലംഘിക്കുന്നവരെയും ഗ്യാരണ്ടി കാലയളവിൽ സാധനങ്ങൾ മാറ്റി നൽകാത്തവരെയും കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>ഗ്രാമപഞ്ചായത്തുകളുടെ പ്രോജക്ട് സമർപ്പണം</u>

4841 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകൾ ചേർന്ന് നടപ്പിലാക്കേണ്ട പദ്ധതികൾക്കായുള്ള പ്രോജക്റ്റ് സമർപ്പണം സംബന്ധിച്ച് എന്തെല്ലാം മാനദണ്ഡങ്ങൾ പാലിക്കുവാനാണ് ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്; വിശദാംശം നൽകാമോ;

(ബി) പാലക്കാട് ജില്ലയിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളാണ് സംയുക്ത പ്രോജക്റ്റ് നടപ്പിലാക്കുന്നതിനായി റിപ്പോർട്ട് സമർപ്പിച്ച് അംഗീകാരം നേടുകയുണ്ടായത്; വിശദാംശം നൽകാമോ;

(സി) പ്രോജക്റ്റിന് അംഗീകാരം നൽകിയോയെന്ന് അറിയിക്കുമോ; എങ്കിൽ വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലോകബാങ്ക് ധനസഹായം</u>

4842 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തികവർഷത്തിൽ ലോകബാങ്കിന്റെ ധനസഹായം എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ് ലഭിച്ചത് ;

(ബി) എത്ര രൂപയുടെ ധനസഹായമാണ് ലഭിച്ചതെന്നും അത് ഏതെല്ലാം കാര്യങ്ങൾക്കാണ് വിനിയോഗിച്ചതെന്നും വെളിപ്പെടുത്തുമോ;

(സി) ലോകബാങ്ക് ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; വിശദാംശം നൽകാമോ ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിലെ ജൈവവൈവിധ്യ രജിസ്റ്ററുകൾ</u>

4843 ശ്രീ. വി. ഡി. സതീശൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ലൂഡി ലൂയിസ്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ ജൈവവൈവിധ്യ രജിസ്റ്ററുകൾ തയ്യാറാക്കാൻ നടപടികളെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സംസ്ഥാനത്തിന്റെ വികസനത്തിന് അടിസ്ഥാന രേഖയാക്കി മാറ്റുന്നതിന് എന്തെല്ലാം വിവരങ്ങളാണ് രജിസ്റ്ററിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) എല്ലാ പഞ്ചായത്തുകളിലും ഈ രജിസ്റ്ററുകൾ തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളുടെ സെൻസസ് പ്രവർത്തനങ്ങൾ</u>

4844 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹിക-സാമ്പത്തിക -ജാതി സെൻസസിന്റെ കരട് പട്ടിക പ്രസിദ്ധീകരിക്കാനും, ആക്ഷേപങ്ങൾ സ്വീകരിക്കാനും പഞ്ചായത്തുകളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സെൻസസിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ നടത്താൻ നേതൃത്വം നൽകിയത് ഏത് വകുപ്പാണ്; തുടർന്നുള്ള പ്രവർത്തനങ്ങൾ ആ വകുപ്പിൽ നിന്നും മാറ്റാനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ജീവനക്കാരുടെ പുതിയ ഉത്തരവാദിത്വം പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനം തടസ്സപ്പെടുത്തുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ; പഞ്ചായത്തുകൾക്ക് പുതിയ സാമ്പത്തിക ബാധ്യതകൾ ഏറ്റെടുക്കേണ്ടി വരുമോയെന്നും ഇക്കാര്യത്തിൽ നയമെന്താണെന്നും വ്യക്തമാക്കുമോ?

(ഡി) സെൻസസിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ പഞ്ചായത്ത് ജീവനക്കാരെ ഒഴിവാക്കി കുടുംബശ്രീ മുഖാന്തിരം നടത്തുവാൻ നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ നയം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ വാർഡ് വിഭജനത്തിന്റെ കരട് വിജ്ഞാപനം</u>

T4845 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാർഡ് വിഭജനത്തിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ അടങ്ങുന്ന സമിതിയെ തദ്ദേശ സ്വയംഭരണസ്ഥാപനാടിസ്ഥാനത്തിൽ നിയമിച്ചുട്ടുണ്ടോ; ഇല്ലെങ്കിൽ നിയമിക്കുമോ; നിയമിക്കുമെങ്കിൽ ആയതിന്റെ ഘടന എപ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) കരട് വിജ്ഞാപനം എന്നത്തേക്ക് പ്രസിദ്ധീകരിക്കാനാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) വാർഡ് വിഭജന കാര്യത്തിൽ സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷനുള്ള ഉത്തരവാദിത്വങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

പ്രാദേശിക ജനാധിപത്യ ശാക്തീകരണം - അന്താരാഷ്ട്ര സെമിനാർ

4846 ശ്രീ. ബെന്നി ബെഹനാൻ
,, ആർ. സെൽവരാജ്
,, പാലോട് രവി
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും
വകുപ്പ് മന്ത്രി
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രാദേശിക ജനാധിപത്യ ശാക്തീകരണത്തെക്കുറിച്ച് അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദമാക്കുമോ;

(സി) എന്തെല്ലാം വിഷയങ്ങളാണ് സെമിനാറിൽ ചർച്ച ചെയ്യപ്പെട്ടത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) എന്തെല്ലാം തുടർനടപടികളാണ് എടുക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

<u>കുടുംബശ്രീ അംഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ</u>

4847 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ-സാമ്പത്തിക-സ്ത്രീ ശാക്തീകരണ മേഖലകളിലെ കുടുംബശ്രീ പ്രവർത്തനങ്ങൾ മാതൃകയാക്കുന്നതിനായി ഏതൊക്കെ സംസ്ഥാനങ്ങളുമായി കുടുംബശ്രീ ധാരണാപത്രം ഒപ്പിട്ടു;

(ബി) പ്രസ്തുത ധാരണാപത്രത്തിൽ നിഷ്ക്കർഷിച്ചിട്ടുള്ള വസ്തുതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ കുടുംബശ്രീയിൽ എത്ര അംഗങ്ങൾ ഉണ്ടായിരുന്നു; ആയത് ഇപ്പോൾ എത്ര;

(ഡി) കുടുംബശ്രീ അംഗങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കുവാൻ എന്തു നടപടി നാളിതുവരെ സ്വീകരിച്ചു; വ്യക്തമാക്കുമോ;

(ഇ) 60 വയസ്സു കഴിഞ്ഞ കുടുംബശ്രീ അംഗങ്ങൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ നൽകുന്നതിന് എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(എഫ്) നിലവിൽ കുടുംബശ്രീ അംഗങ്ങൾ എത്ര ഹെക്ടർ തരിശുഭൂമിയിൽ കൃഷി ചെയ്തു വരുന്നു; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ജി) 2013-14 സാമ്പത്തിക വർഷം കുടുംബശ്രീയുടെ പ്രവർത്തനങ്ങൾക്കായി എന്ത് തുക സർക്കാർ മാറ്റി വച്ചിരുന്നു; ഇതിൽ എത്ര തുക ചെലവഴിച്ചു; എത്ര തുക ലാപ്സായി;

(എച്ച്) 2013-14 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ ഗ്രാന്റായി എത്ര തുക കുടുംബശ്രീക്ക് അനുവദിച്ചു; ആയതിൽ എത്ര തുക ചെലവഴിച്ചു; എത്ര തുക ലാപ്സായി ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>കുടുംബശ്രീ വഴി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

4848 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ വഴി നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ എസ്.ജി.എസ്.വൈ. പദ്ധതി നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) എസ്.ജി.എസ്.വൈ. പദ്ധതിപ്രകാരം എന്തെല്ലാം സേവനങ്ങളാണ് നടപ്പിലാക്കിയിരുന്നത്?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>സ്നേഹിത ജെന്റർ ഹെൽപ്പ്ഡെസ്ക്</u>

4849 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ സ്നേഹിത ജെന്റർ ഹെൽപ്പ്ഡെസ്കുകൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനകം എത്ര സ്നേഹിത ജെന്റർ ഹെൽപ്പുഡെസ്കുകൾ ആരംഭിച്ചിട്ടുണ്ട്; എവിടെയെല്ലാമാണ് ആരംഭിച്ചത്;

(സി) സ്നേഹിത ജെന്റർ ഹെൽപ്പ് ഡെസ്ക്കുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) സ്നേഹിത ജെന്റർ ഹെൽപ്പ് ഡെസ്ക്കിന്റെ സേവനം ലഭിക്കാൻ വനിതകൾ ആരെയാണ് സമീപിക്കേണ്ടത് എന്ന് അറിയിക്കുമോ?

**കേരള നിയമസഭ**
**27.06.2014-ലെ മറുപടിക്ക്**

<u>ഇൻഫർമേഷൻ കേരള മിഷൻ ഘടന</u>

4850 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ കേരള മിഷൻ ഘടനയിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഐ.കെ.എം. ഭരണസമിതിയിൽ എത്ര അംഗങ്ങളുണ്ടെന്നും അത് ആരൊക്കെയാണെന്നും വ്യക്തമാക്കുമോ;

(സി) ഐ.കെ.എമ്മിൽ എത്ര ജീവനക്കാരുണ്ടെന്നും അവർ ആരൊക്കെയാണെന്നും അവർ വഹിക്കുന്ന സ്ഥാനം എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ഡി) ഇവരുടെ സേവന-വേതന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഇതിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വഭ്യമാക്കാമോ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

<u>സാറ്റലൈറ്റ് മാപ്പിംഗ്</u>

4851 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉപഗ്രഹ ഛായാചിത്രങ്ങളുടെ സഹായത്തോടെ കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളുടെ ഭൂപടങ്ങൾ തയ്യാറാക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകാമോ;

(സി) സാറ്റലൈറ്റ് മാപ്പിംഗ് പ്രവർത്തനം നടത്തുന്നതിനുള്ള അനുമതിക്കായി ഐ.കെ.എം. അപേക്ഷ നൽകിയിരുന്നത് എന്നാണ്; പ്രസ്തുത അപേക്ഷയിൻമേൽ തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഡി) സാറ്റലൈറ്റ് മാപ്പിംഗ് പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകാമോ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളുടെ ക്ഷീരവികസന പദ്ധതികൾ</u>

4852 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് അടിസ്ഥാനത്തിൽ ക്ഷീരവികസന യൂണിറ്റുകൾ നിലവിലുണ്ടോ;

(ബി) ഇല്ലായെങ്കിൽ പുതിയ യൂണിറ്റുകൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഗ്രാമ പഞ്ചായത്തുകളുടെ ക്ഷീരവികസനം സംബന്ധിക്കുന്ന പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ ആരാണ്;

(ഡി) ഇവർക്ക് പഞ്ചായത്ത് ആസ്ഥാനവുമായി ബന്ധപ്പെട്ട് കാര്യാലയങ്ങൾ ക്രമീകരിച്ചിട്ടുണ്ടോ;

(ഇ) ഇല്ലായെങ്കിൽ അത്തരത്തിലുള്ള സംവിധാനം ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

ഗുണഭോക്തൃ ലിസ്റ്റ് രൂപീകരണം

4853 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഉണ്ടെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഗുണഭോക്തൃ ലിസ്റ്റ് രൂപീകരണം കാര്യക്ഷമമായി നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗുണഭോക്തൃ ലിസ്റ്റ് രൂപീകരണം കാര്യക്ഷമമാക്കുന്നതിനായി കംപ്ട്രോളർ & ആഡിറ്റർ ജനറൽ, ലോക്കൽ ഫണ്ട് ആഡിറ്റ് എന്നീ വിഭാഗങ്ങൾ മാർഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഗുണഭോക്തൃ ലിസ്റ്റിൽ അർഹരായവർ മാത്രം ഉൾപ്പെടുന്നു എന്നു ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ;

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>ത്രിതല പഞ്ചായത്ത് അംഗങ്ങൾക്കായി ക്ഷേമ നടപടികൾ</u>

4854 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ത്രിതല പഞ്ചായത്ത് അംഗങ്ങൾക്കുവേണ്ടി എന്തെല്ലാം ക്ഷേമ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**27.06.2014-ലെ മറുപടിക്ക്**

<u>മെമ്പർമാർക്ക് അംഗത്വകാലാവധിയനുസരിച്ച് പെൻഷൻ നൽകുന്നതിനുള്ള നടപടി</u>

4855 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യത്തിന്
പഞ്ചായത്തും സാമൂഹ്യനീതിയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മെമ്പർമാർക്ക് അവരുടെ അംഗത്വ കാലാവധിയുടെ കണക്കനുസരിച്ച് പെൻഷൻ സമ്പ്രദായം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

പഞ്ചായത്തുകളിലെ പെൻഷൻ അദാലത്തുകൾ

4856 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകൾ പെൻഷൻ അദാലത്തുകൾ സംഘടിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം സംഘടിപ്പിക്കുന്ന അദാലത്തുകളിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അർഹതപ്പെട്ടവർക്ക് പെൻഷൻ അനുവദിച്ച് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ;

(സി) അദാലത്തിൽ പങ്കെടുത്ത് പെൻഷന് അർഹത ഉള്ളവരായി തിരഞ്ഞെടുക്കപ്പെടുന്നവരെ ഈ വിവരം അറിയിക്കാറുണ്ടോ; ഇല്ലെങ്കിൽ ഈ വിവരം യഥാസമയം അറിയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>മൊബൈൽ ടവർ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ</u>

4857 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൊബൈൽ ടവർ നിർമ്മാണത്തിന് പാലിക്കേണ്ട ചട്ടങ്ങൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) ടവർ നിർമ്മിക്കുമ്പോൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;

(ഡി) ടവറുകൾ സ്ഥാപിക്കുന്നതിനെതിരെ പരിസരവാസികൾ, ആരോഗ്യപ്രശ്നങ്ങൾ അടക്കമുള്ള വിഷയങ്ങൾ ഉന്നയിച്ച് പരാതിപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ;

(ഇ) ഇത് സംബന്ധിച്ച് നാട്ടുകാരും, മൊബൈൽ കമ്പനികളും തമ്മിൽ സംസ്ഥാനത്തുടനീളം കേസ്സുകൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം കേസ്സുകളിൽ സർക്കാർ എന്ത് നിലപാടാണ് കോടതിയിൽ സ്വീകരിച്ചുവരുന്നത്;

(എഫ്) സർക്കാർ ചട്ടങ്ങൾ പുറപ്പെടുവിക്കാത്തതിനാൽ കോടതിയിൽ നിന്നും കമ്പനികൾക്ക് അനുകൂലമായി വിധിയുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

**കേരള നിയമസഭ**
**27.06.2014-ലെ മറുപടിക്ക്**

<u>തീരദേശപരിപാലനനിയമലംഘനം</u>

T4858 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ തീരദേശപരിപാലന നിയമം ലംഘിച്ച് റിസോർട്ടുകളോ കെട്ടിടങ്ങളോ പണിതിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ രീതിയിൽ എത്ര കെട്ടിടങ്ങൾ/റിസോർട്ടുകൾ ഓരോ ജില്ലയിലും പണിതിട്ടുള്ളതായാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) തീരദേശപരിപാലനനിയമം ലംഘിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ അനുമതി നൽകിയ ഉദ്യോഗസ്ഥരെ കണ്ടെത്തുകയോ അവർക്കെതിരെ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ എന്നും വെളിപ്പെടുത്തുമോ;

(സി) തീരദേശ പരിപാലന നിയമം ലംഘിച്ച് നിർമ്മാണ പ്രവർത്തനം നടത്തിയ എത്ര സംഭവങ്ങളാണ് വൈക്കം താലൂക്കിൽ കണ്ടെത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**27.06.2014-ലെ മറുപടിക്ക്**

ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി

4859 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി പ്രകാരം വായ്പ എടുത്തവർക്ക് കാലാവധിക്ക് മുമ്പ് വായ്പ ഒരുമിച്ച് അടച്ച് കഴിഞ്ഞാൽ പ്രമാണം തിരിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇതിന്റെ വ്യവസ്ഥകൾ എന്തൊക്കെയാണ് എന്നറിയിക്കുമോ;

(സി) ഇതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്, അപേക്ഷകളിന്മേൽ എടുത്ത തീരുമാനം എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) വൈപ്പിൻ മണ്ഡലത്തിൽ നിന്നും ഇപ്രകാരം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്?

## കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

ഭവനശ്രീ വായ്പകളുടെ ബാദ്ധ്യത ഏറ്റെടുക്കൽ

4860 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, കെ. മുരളീധരൻ
,, സണ്ണി ജോസഫ്
,, എം.എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ /സി.ഡി.എസ് മുഖേനയുള്ള ഭവനശ്രീ വായ്പകളുടെ ബാദ്ധ്യത ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം ബാങ്കുകളിൽ നിന്നാണ് വായ്പകൾ നൽകിയത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) വായ്പത്തുകകളും പിഴപ്പലിശകളും ഒഴിവാക്കാമെന്ന് ബാങ്കുകൾ സമ്മതിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) വായ്പ ഏറ്റെടുക്കലുമായി ബന്ധപ്പെട്ടുകൊണ്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

ഭവനശ്രീ പദ്ധതി

4861 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ 'ഭവനശ്രീ' പദ്ധതിയിൽ ഉൾപ്പെടുത്തി വീടുവെക്കുന്നതിന് വായ്പയെടുത്തവരുടെ തിരിച്ചടവ് സംബന്ധിച്ച് എന്തെല്ലാം തീരുമാനങ്ങളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

## മാലിന്യസംസ്കരണത്തിന് അനുവദിച്ച ഫണ്ട്

4862 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഖരമാലിന്യസംസ്കരണത്തിന് പ്ലാന്റുകൾ സ്ഥാപിക്കുവാൻ ശുചിത്വമിഷൻ നൽകുന്ന ഫണ്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൂർണ്ണമായി വിനിയോഗിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2010-11, 2011-12, 2012-13 വർഷങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുകയും വിനിയോഗിച്ച ശതമാനവും വെളിപ്പെടുത്താമോ;

(സി) ശുചിത്വമിഷന്റെ ഭാഗത്തുനിന്ന് സമയബന്ധിതമായ ഇടപെടൽ ഇല്ലാത്തതുമൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഫണ്ട് വക മാറ്റുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) മാലിന്യസംസ്കരണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കാനുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

ക്വാറി ഖനനത്തിന് നിശ്ചിത ശതമാനം ഫീസ് ഈടാക്കുന്നതിനുള്ള നടപടി

4863 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരിങ്കൽ ക്വാറി, ചെങ്കൽ ക്വാറി (പാറമട) എന്നിവയിലെ ഖനനത്തിന് നിലവിൽ ഗ്രാമപഞ്ചായത്തുകൾക്ക് നാമമാത്രമായ ഫീസാണ് ലഭിക്കുന്നത് എന്ന വസ്തുത ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ജിയോളജി വകുപ്പിന് പുറമെ, പഞ്ചായത്തുകൾക്കും ഇത്തരം ഖനനത്തിന് അളവിന്റെ അടിസ്ഥാനത്തിൽ ഒരു നിശ്ചിത ശതമാനം ഫീസ് ഈടാക്കുന്നതിന് അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

പൊതുഭരണസമിതിയുടെ കീഴിൽ അനാഥാലയങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള നിയമനിർമ്മാണം

T4864 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഓരോപ്രദേശത്തേയും പ്രാദേശിക ഭരണസമിതികളിലെയും സംസ്ഥാന സർക്കാരിന്റെയും കുട്ടികളുടെയും പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു പൊതു ഭരണസമിതിയുടെ കീഴിൽ അനാഥാലയങ്ങൾ പ്രവർത്തിക്കുന്നതിനുള്ള നിയമനിർമ്മാണം പരിഗണിക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>മരവ്യവസായ യൂണിറ്റുകൾക്കുള്ള പഞ്ചായത്തനുമതി</u>

4865 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മരവ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് പഞ്ചായത്തിന്റെ അനുമതി ആവശ്യമുണ്ടോ ;

(ബി) മരവ്യവസായ യൂണിറ്റുകൾക്ക് പഞ്ചായത്തിന്റെ അനുമതി ആവശ്യമാണെങ്കിൽ ഏതെല്ലാം ഏജൻസികളുടെ അനുമതികൾക്ക് ശേഷമാണ് പഞ്ചായത്ത് അനുമതി നൽകുന്നതെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>ആധുനിക ശ്മശാനങ്ങൾ</u>

T4866 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ആധുനിക ശ്മശാനങ്ങൾ സംസ്ഥാനത്ത് എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്; എല്ലാ ജില്ലകളിലും ആധുനിക ശ്മശാനങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**27.06.2014-ലെ മറുപടിക്ക്**

<u>തൃപ്തി ന്യായവില ഭക്ഷണശാലകൾ</u>

T4867 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എവിടെയെല്ലാമാണ് തൃപ്തി ന്യായവില ഭക്ഷണശാലകൾ പ്രവർത്തിക്കുന്നതെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

<u>കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ്</u>

4868 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെ കെട്ടിടനിർമ്മാണ ചട്ടങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പരിഷ്കരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) മൂന്ന്സെന്റോ അതിൽ കുറവോ മാത്രം സ്ഥലം പഞ്ചായത്ത് പ്രദേശങ്ങളിൽ സ്വന്തമായുള്ളവർക്ക് വീടുവെയ്ക്കുന്നതിന് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവുകൾ നൽകിയിട്ടുണ്ടോ;

(സി) എന്തെല്ലാം ഇളവുകളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരം വീട് നിർമ്മിക്കുന്നതിന് അപേക്ഷിക്കേണ്ടിവരുമ്പോൾ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യേണ്ടതെന്നു പറയാമോ;

(ഇ) മൂന്ന് സെന്റിൽ താഴെ ഭൂമി സ്വന്തമായുള്ളവരും സ്വന്തമായി താമസിക്കാൻ വീടില്ലാത്തവരുമായ അപേക്ഷകർ സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ ഏതെങ്കിലും കാരണത്താൽ നിരാകരിക്കപ്പെടുന്നുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>പെർഫോമൻസ് ആഡിറ്റ് വിഭാഗത്തിന്റെ ലക്ഷ്യങ്ങളും ചുമതലകളും</u>

4869 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പെർഫോമൻസ് ഓഡിറ്റ് വിഭാഗം പരിശോധന നടത്തിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) പെർഫോമൻസ് ഓഡിറ്റ് വിഭാഗം കണ്ടെത്തിയ ക്രമക്കേടുകളിൽ ഈ കാലയളവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(സി) പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ ലക്ഷ്യങ്ങളും ചുമതലകളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

ഓഫീസുകൾ സ്വരാജ് ഭവനിലേയ്ക്ക് മാറ്റാൻ നടപടി

4870 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള സ്വരാജ് ഭവന്റെ നിർമ്മാണം എന്നാണ് പൂർത്തീകരിച്ചത്; ഇതിനായി എത്ര രൂപ ചെലവായി; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വകുപ്പിന്റെ കീഴിലുള്ള ഏതെല്ലാം പ്രധാന സർക്കാർ ഓഫീസുകൾ തലസ്ഥാനത്ത് വാടകകെട്ടിടങ്ങളിൽ ഇപ്പോൾ പ്രവർത്തിക്കുന്നു; അവയ്ക്കായി നൽകുന്ന പ്രതിമാസ വാടക തുക എത്രയാണെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ;

(സി) നിലവിൽ സ്വരാജ് ഭവനിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ ഏതെല്ലാം;

(ഡി) ഇതിന്റെ പ്രവർത്തനം തുടങ്ങാത്തതിന്റെ കാരണം സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷൻ തദ്ദേശസ്വയംഭരണ സെക്രട്ടറിക്ക് നോട്ടീസ് അയച്ചത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ പ്രസ്തുത നോട്ടീസിന് ജൂലൈ 20-ന് മുൻപ് എപ്രകാരമുള്ള വിശദീകരണം നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഇ) വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന തലസ്ഥാനത്തെ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകളുടെ പ്രവർത്തനവും സ്വരാജ് ഭവനിലേയ്ക്ക് മാറ്റാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>സ്വരാജ് ഭവനിലേക്ക് ഓഫീസുകൾ മാറ്റാൻ നടപടി</u>

4871 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വരാജ് ഭവനിൽ ആകെ എത്ര ഓഫീസുകൾക്ക് സ്ഥലം അനുവദിച്ചു നൽകുകയുണ്ടായിയെന്നും; ഏതെല്ലാം ഓഫീസുകൾക്കാണ് സ്ഥലം അനുവദിച്ചു നൽകിയതെന്നും അറിയിക്കുമോ;

(ബി) എത്ര ഓഫീസുകൾ സ്വരാജ് ഭവനിലേക്ക് മാറുകയുണ്ടായി;

(സി) വാടക കെട്ടിടങ്ങളിലും മറ്റ് ഓഫീസുകളോടനുബന്ധിച്ചും പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ സ്വരാജ് ഭവനിലേയ്ക്ക് മാറാൻ ഉത്തരവു നൽകിയിട്ടും ഇപ്പോഴും മാറാതെ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ സ്വരാജ് ഭവനിലേക്ക് മാറ്റി പ്രവർത്തിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

4872 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ സംസ്ഥാന തലത്തിലുള്ള ഏതെല്ലാം സ്ഥാപനങ്ങളാണ് വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓരോ ഓഫീസിനും എത്ര രൂപ വീതം വാടകയിനത്തിൽ നൽകിവരുന്നു എന്ന് വെളിപ്പെടുത്തുമോ;

(സി) തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളെ ഒരു കേന്ദ്രത്തിന് കീഴിലാക്കാൻ ഉദ്ദേശിച്ച് നിർമ്മിച്ച സ്വരാജ്ഭവൻ മൂന്ന് വർഷമായി ഒഴിഞ്ഞ് കിടക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(ഡി) മൂന്ന് വർഷമായിട്ടും വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ ഇവിടേക്ക് മാറ്റാൻ കാലതാമസം നേരിടുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഇ) ഓഫീസുകൾ സ്വരാജ് ഭവനിലേക്ക് മാറ്റാത്ത അധികൃതർക്കെതിരെ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

പഞ്ചായത്ത് വകുപ്പിലെ നിയമനവും പ്രോമോഷനും സംബന്ധിച്ച സ്പെഷ്യൽ റൂൾ

4873 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, അക്കൗണ്ടന്റ് എന്നീ തസ്തികകളിലേക്കുള്ള നിയമനവും, പ്രൊമോഷനും സംബന്ധിച്ച് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യാൻ/സ്പെഷ്യൽ റൂൾ നിർമ്മിക്കാൻ ഉള്ള നടപടി ഏത് ഘട്ടം വരെ എത്തി എന്ന് വിശദീകരിക്കുമോ;

(ബി) അസിസ്റ്റന്റ് ഡയറക്ടർ/സെക്രട്ടറി/അസിസ്റ്റന്റ് സെക്രട്ടറി എന്നീ തസ്തികകളിലേക്കുള്ള പ്രമോഷനുകളിൽ പ്രമോഷൻ ലഭിക്കുന്ന മിനിസ്റ്റീരിയൽ സ്റ്റാഫും, നേരിട്ട് നിയമനം ലഭിച്ച സെക്രട്ടറിമാർക്കിടയിലും അനുപാതം നിശ്ചയിക്കണമെന്ന് നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എടുത്ത നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>പഞ്ചായത്ത് ജീവനക്കാരുടെ ജോലിഭാരം സംബന്ധിച്ച പഠന റിപ്പോർട്ട്</u>

4874 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ ജോലിഭാരം സംബന്ധിച്ച് പഠനം നടത്തുന്നതിന് സമിതിയെ നിയോഗിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇതിന്റെ വിശദ വിവരം നൽകുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

വിജിലൻസ് അന്വേഷണം നേരിടുന്ന പഞ്ചായത്ത് സെക്രട്ടറിമാർ

4875 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എത്ര പഞ്ചായത്ത് സെക്രട്ടറിമാർക്ക് എതിരെ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വിജിലൻസ് അന്വേഷണം നേരിടുന്ന പഞ്ചായത്ത് സെക്രട്ടറിമാരെ പ്രധാന ചുമതലകളിൽ നിന്നും മാറ്റി നിർത്തിയിട്ടുണ്ടോ;

(സി) അന്വേഷണം നേരിടുന്ന ഏതെങ്കിലും പഞ്ചായത്ത് സെക്രട്ടറിമാരെ ഫണ്ട് കൈകാര്യം ചെയ്യുന്ന ജോലികളിൽ ഇടപെടുത്തരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് പ്രമോഷൻ നൽകുന്നതിന് സ്വീകരിച്ച നടപടികൾ</u>

4876 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ക്ലർക്ക്/ടൈപ്പിസ്റ്റ് തസ്തികയിലേക്ക് 10% പ്രമോഷൻ അനുവദിച്ച സർക്കാർ ഉത്തരവ് പ്രകാരം പഞ്ചായത്ത് വകുപ്പിൽ എത്ര ജീവനക്കാർക്ക് പ്രമോഷൻ നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് ഇറങ്ങിയശേഷം പഞ്ചായത്ത് വകുപ്പിൽ എത്ര എൽ.ഡി. ക്ലർക്ക് തസ്തികയിലേക്ക് നിയമനം നടത്തിയിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) പ്രസ്തുത ഉത്തരവ് ഇറങ്ങിയ തീയതി മുതൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അർഹതപ്പെട്ട പ്രമോഷൻ നൽകുന്നതിനായി പഞ്ചായത്ത് വകുപ്പ് സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>10 വർഷത്തിലേറെ പഞ്ചായത്തുകളിൽ സേവനമനുഷ്ടിച്ച ഡ്രൈവർമാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ</u>

4877 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ പത്ത് വർഷത്തിലേറെയായി താത്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ഡ്രൈവർമാർ എത്രപേരുണ്ട് എന്നത് ജില്ല തിരിച്ച് വിശദാംശങ്ങൾ നൽകാമോ;

(ബി) പത്തുവർഷത്തിലേറെയായി ഗ്രാമപഞ്ചായത്തുകളിൽ ഡ്രൈവർമാരായി സേവനം അനുഷ്ഠിച്ചുവരുന്ന ഡ്രൈവർമാരെ സ്ഥിരപ്പെടുത്തുന്ന കാര്യം അനുകമ്പാപൂർവ്വം പരിഗണിക്കുമോ;

(സി) ഇവരെ സ്ഥിരപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>കന്നടഭാഷ അറിയുന്നവരെ നിയമിക്കണമെന്ന നിർദ്ദേശം</u>

4878 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കന്നടഭാഷാ ന്യൂനപക്ഷ മേഖലയിലെ ചില ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ കന്നടഭാഷ അറിയുന്ന ക്ലർക്കുമാർ ഇല്ലാത്തതിനാൽ കന്നടഭാഷ മാത്രം അറിയുന്ന ആളുകൾക്ക് പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം പഞ്ചായത്തുകളിൽ കന്നടഭാഷ അറിയുന്ന ക്ലർക്കുമാരെ നിയമിക്കുന്നതിന് നിർദ്ദേശം നൽകുമോ?

## കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>കെട്ടിടനികുതിയുടെ അഞ്ച് ശതമാനം ലൈബ്രറി കൗൺസിലിന് കൈമാറണം എന്ന നിയമത്തിന് ഭേദഗതി</u>

4879 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന കെട്ടിടനികുതിയുടെ അഞ്ച് ശതമാനം ലൈബ്രറി കൗൺസിലിന് കൈമാറണം എന്ന നിയമത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച് അഭിപ്രായം അറിയിക്കുന്നതിന് ഏതെങ്കിലും കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(സി) ലൈബ്രറി കൗൺസിലിന് ലഭിക്കേണ്ട നികുതിവിഹിതം വകമാറ്റി നൽകുന്നതിന് നിർദ്ദേശം ലഭിച്ചതായി സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഏതെങ്കിലും വെബ്സൈറ്റിൽ പ്രചരിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അത് നീക്കം ചെയ്യുന്നതിനായി നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

പൊന്നാനി മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിൽ നിന്നുള്ള പ്രവൃത്തികൾ

4880 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിൽ നിന്നും പ്രവൃത്തി നടത്തുന്നതിനായി മാറഞ്ചേരി ഗ്രാമ പഞ്ചായത്തിലെ മിനിസ്റ്റേഡിയം വിശ്രമകേന്ദ്രവും, ഓഫീസ് കെട്ടിടവും പദ്ധതിക്ക് പഞ്ചായത്ത് വകുപ്പിൽ നിന്നും ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ '26615/14/LSGD/EPA' എന്ന ഫയൽ നമ്പറിൽ ഉള്ള 30 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുന്നതിന് തടസ്സം എന്താണ് എന്ന് വിശദമാക്കുമോ;

(സി) 17495/14/LSGD/DB2, 26615/14/EPA എന്നീ ഫയൽ നമ്പറുകളിലുള്ള പ്രസ്തുത പദ്ധതിക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കാമോ;

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>കെട്ടിടനികുതി കുറവു ചെയ്യുന്നത് സംബന്ധിച്ച്</u>

4881 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശ്രീ. തോമസ് സി. ഐ, ചിറമേൽ, (11/113 എ) ചെറിയനാട് പഞ്ചായത്ത്, ചെങ്ങന്നൂർ എന്ന വ്യക്തി തന്റെ വീടിന്റെ കെട്ടിട നികുതി കുറവ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ നാളിതുവരെ എന്തു നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 3/7/2012-ലെ സി5/7029/12-ാം നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ നികുതി പരിഷ്കരണ സമയത്ത് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിന് 20/10/12-ലെ ബി1/796/12 നോർക്ക പ്രവാസികാര്യ (ബി) വകുപ്പിൽ നിന്നും നിർദ്ദേശം നൽകിയിട്ടും കാലതാമസം ഉണ്ടാകുന്നത് എന്തുകൊണ്ടെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പഞ്ചായത്തിലെ തോമസിന്റെ സമീപവാസിയായ ശ്രീ. പ്രസന്നകുമാറിന്റെ വീടിന്റെ (ചൈതന്യ) 256 ചതുരശ്രമീറ്റർ തറ വിസ്തീർണ്ണമുള്ള (11/89 എ) കെട്ടിടത്തിന് 948 രൂപ നികുതി ചുമത്തിയിട്ടുള്ള സാഹചര്യത്തിൽ 60% പരമാവധി നികുതി ചുമത്തിയാൽ പോലും തോമസിന്റെ വീടിന് 1517/- രൂപയേ നികുതി ആകുന്നുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്നാൽ 12/8/10-ലെ ഗ്രാമപഞ്ചായത്ത് അസസ്സ്മെന്റ് രജിസ്റ്ററിൽ കെട്ടിട നികുതി 3456/- രൂപയാണ് ചുമത്തിയിട്ടുള്ളത് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് അടിയന്തരമായി പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>ചെക്ക് ഡാം നിർമ്മാണത്തിന് കാസർഗോഡ് ജില്ലാ പഞ്ചായത്തിന് അനുവദിച്ച തുക</u>

4882 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ റിഹാബിലിറ്റേഷൻ പാക്കേജിൻ (RIDF-16) ഉൾപ്പെടുത്തി ചെക്ക് ഡാം നിർമ്മാണത്തിനായി കാസർകോട് ജില്ലാ പഞ്ചായത്തിന് നബാർഡ് എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ബി) പദ്ധതികളുടെ പേരും അനുവദിച്ച തുകയും വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾ എന്നാണ് പൂർത്തീകരിക്കേണ്ടത്; നിശ്ചിത സമയത്തിനുള്ളിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്; ഇനിയെത്ര പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്; ബാക്കി പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാവും ;

(ഡി) ഇതിന് അധിക തുക വേണ്ടിവരുമോ; എങ്കിൽ എത്രയാണ്; ഇതിന് സർക്കാർ അനുമതി ലഭ്യമാക്കിയിട്ടുണ്ടോ;

(ഇ) അമിത ജല ചൂഷിത പ്രദേശമായി വിജ്ഞാപനം ചെയ്തിട്ടുള്ള കാസർകോട് താലൂക്കിൽപ്പെടുന്ന പ്രദേശത്ത് വരുന്ന ഈ പദ്ധതികൾക്ക് ജില്ലാ പഞ്ചായത്ത് അപേക്ഷിച്ചിട്ടുണ്ടോ?

## കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലയിൽ പുതുതായി രൂപീകരിക്കുന്ന മുനിസിപ്പാൾറ്റിയും ഗ്രാമപഞ്ചായത്തും</u>

4883 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ പുതിയതായി മുൻസിപ്പാലിറ്റിയും ഗ്രാമപഞ്ചായത്തുകളും രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ജില്ലയിൽ രൂപീകരിക്കുന്ന മുൻസിപ്പാലിറ്റിയുടെയും ഗ്രാമപഞ്ചായത്തുകളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലാപഞ്ചായത്ത് ഓഫീസിനു മുന്നിലെ പണിതീരാത്ത പ്രതിമ</u>

4884 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലാ പഞ്ചായത്ത് ഓഫീസിനു മുന്നിലെ പണിപൂർത്തീകരിക്കാത്ത പ്രതിമയുടെ പൂർത്തീകരണത്തിന് ഇനി എത്ര തുകവേണ്ടി വരും; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ജില്ലാ പഞ്ചായത്തിൽ നിന്നും ഭാരിച്ച തുക ചെലവഴിച്ച് നിർമ്മിച്ച് അപൂർണ്ണമായി കിടക്കുന്ന പ്രസ്തുത പ്രതിമ കൊണ്ട് ആർക്കാണ് പ്രയോജനമുണ്ടായിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

## കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>'കുഴുക്കാണി' പ്രദേശത്തെ കൊടകര പഞ്ചായത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ</u>

4885 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ കൊടകര പഞ്ചായത്തിലെ 3,4 വാർഡുകളോട് ചേർന്നു കിടക്കുന്നതും ഇപ്പോൾ മറ്റത്തൂർ പഞ്ചായത്തിന്റെ 19-ാം വാർഡിൽ ഉൾപ്പെട്ടിട്ടുള്ളതുമായിട്ടുള്ള ''കുഴുക്കാണി പ്രദേശത്തെ'' ഭൂമിശാസ്ത്രപരമായ കിടപ്പും പ്രസ്തുത പ്രദേശത്തെ ജനങ്ങളുടെ സൗകര്യവും പരിഗണിച്ച് കൊടകര പഞ്ചായത്തിൽ ഉൾപ്പെടുത്തണമെന്ന അപേക്ഷ പരിഗണനയിലുണ്ടോ;

(ബി) കൊടകര പഞ്ചായത്ത് ഓഫീസിനോട് ഒരു കിലോമീറ്റർ ദൂരത്തും മറ്റത്തൂർ പഞ്ചായത്ത് ഓഫീസിൽ നിന്ന് 6 കി. മീ. അകലത്തായും കിടക്കുന്ന ''കുഴുക്കാണി പ്രദേശത്തെ'' കൊടകര പഞ്ചായത്തിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

**' റോസ്മല' വാർഡ് ആര്യങ്കാവ് ഗ്രാമപഞ്ചായത്തിനോട് ചേർക്കുന്നതിനുള്ള നിവേദനം**

4886 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട ' റോസ്മല' വാർഡ് ആര്യങ്കാവ് ഗ്രാമപഞ്ചായത്തിനോട് ചേർക്കുന്നതിനുള്ള നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിൻമേൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ആര്യങ്കാവ് - കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തുകൾക്ക് നിലവിൽ ഈ വിഷയത്തോട് പൊതുവായി യോജിപ്പ് ഉണ്ട് എന്ന വസ്തുത പരിഗണിച്ച് ആയതിലേക്കുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>വയനാട് ജില്ലയിലെ പഞ്ചായത്തുകളുടെ ഐ.എസ്.ഒ അംഗീകാരം</u>

4887 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളുടെയും സേവനങ്ങളുടെയും നിലവാരം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ;

(ബി) വയനാട് ജില്ലയിൽ നിന്നും ഐ.എസ്.ഒ അംഗീകാരം ലഭ്യമാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള പഞ്ചായത്തുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പഞ്ചായത്തുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>പൊതുകളിസ്ഥലം</u>

4888 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് പൊതുകളിസ്ഥലം നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിന് അനുമതിക്കായി അപേക്ഷ നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷ സംബന്ധിച്ച് എന്തെല്ലാം തീരുമാനങ്ങളും നടപടികളും സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**27.06.2014-ലെ മറുപടിക്ക്**

<u>വീകെയർ പദ്ധതി</u>

4889 ശ്രീ. വി. പി. സജീന്ദ്രൻ
,, ബെന്നി ബെഹനാൻ
,, സി. പി. മുഹമ്മദ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യസുരക്ഷാ മിഷൻ വീകെയർ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സാമൂഹ്യസുരക്ഷാ പദ്ധതികൾക്ക് ആവശ്യമായ വിഭവസമാഹരണം കണ്ടെത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്, വിശദമാക്കുമോ;

(ഡി) ആരുടെയെല്ലാം പങ്കാളിത്തമാണ് പദ്ധതിക്കായി പ്രയോജനപ്പെടുത്തുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

<u>സ്ത്രീസുരക്ഷാ ബീമായോജന</u>

4890 ശ്രീ. എ. റ്റി. ജോർജ്
,, ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്
,, എം. വി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീസുരക്ഷാ ബീമായോജന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കുടുംബശ്രീ അയൽകൂട്ടങ്ങളിലെ അംഗങ്ങൾക്ക് എന്തെല്ലാം പരിരക്ഷയാണ് സ്ത്രീസുരക്ഷാ ബീമായോജന പദ്ധതി വഴി ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരെല്ലാമാണ് പദ്ധതിയുമായി സാമ്പത്തികമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>കുട്ടികളിലെ വൈകല്യം തടയാൻ പ്രതിരോധ പദ്ധതി</u>

4891 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ
,, റ്റി. എൻ. പ്രതാപൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടികളിൽ വൈകല്യം ഉണ്ടാകുന്നത് തടയുന്നതിന് സാമൂഹ്യനീതി വകുപ്പ് പ്രതിരോധപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>സാമൂഹ്യനീതി വകുപ്പിൽനിന്നുള്ള ആനുകൂല്യങ്ങൾ</u>

4892 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിൽ നിന്നും ഏതെല്ലാം ആനുകൂല്യങ്ങളാണ് വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ ഇനത്തിലും എത്ര രൂപ വീതം കുടിശ്ശിക നിലവിലുണ്ട്;

(സി) ഏത് വർഷം വരെയുള്ള അപേക്ഷകൾക്ക് തീർപ്പ് കൽപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) സാമൂഹ്യനീതി വകുപ്പിൽ നിന്നും വൈപ്പിൻ മണ്ഡലത്തിൽ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി ഏതൊക്കെ ആവശ്യത്തിന് എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**27.06.2014-ലെ മറുപടിക്ക്**

സാമൂഹ്യനീതി വകുപ്പു വഴി വിതരണം ചെയ്യുന്ന ക്ഷേമപെൻഷനുകൾ

4893 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ക്ഷേമ പെൻഷനുകൾ ഏതെല്ലാമാണെന്നും ഓരോ ക്ഷേമപദ്ധതികളിലും എത്ര ഗുണഭോക്താക്കളുണ്ടെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഓരോ ക്ഷേമ പെൻഷനുകളുടെയും തുകയിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര വർദ്ധനവ് വരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരംഭിച്ച പുതിയ ക്ഷേമ പെൻഷൻ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**27.06.2014-ലെ മറുപടിക്ക്**

<u>ക്ഷേമപെന്‍ഷനുകളുടെ വര്‍ദ്ധനവ്</u>

T4894 ശ്രീ. വര്‍ക്കല കഹാര്‍
,, സണ്ണി ജോസഫ്
,, തേറമ്പില്‍ രാമകൃഷ്ണന്‍
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ക്ഷേമപെന്‍ഷനുകള്‍ ഈ സര്‍ക്കാരിന്റെ കാലത്ത് വര്‍ദ്ധിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എത്ര ശതമാനം വര്‍ദ്ധനവാണ് വരുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ;

**കേരള നിയമസഭ**
**27.06.2014-ലെ മറുപടിക്ക്**

<u>സാമൂഹ്യ സുരക്ഷാ പെൻഷൻ</u>

4895 ശ്രീ. സി. ദിവാകരൻ
,, മുല്ലക്കര രത്നാകരൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ ഉപഭോക്താക്കളായി എത്ര പേരുണ്ട്; ഇതിൽ വാർദ്ധക്യ പെൻഷൻ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, കാർഷിക പെൻഷൻ, മാനസിക വെല്ലുവിളി നേരിടുന്നവർ തുടങ്ങിയ വിഭാഗങ്ങളിൽപ്പെട്ടവർ എത്ര വീതമുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മേല്പറഞ്ഞ വിഭാഗങ്ങളിൽ പുതുതായി തെരഞ്ഞെടുത്ത എത്ര പേർക്ക് വീതം പെൻഷൻ നല്കി തുടങ്ങാനുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>സ്വകാര്യമേഖലയ്ക്ക് കൈമാറിയ പദ്ധതികൾ</u>

4896 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിന്റെ എന്തെല്ലാം പദ്ധതികളാണ് സ്വകാര്യമേഖലയ്ക്ക് കൈമാറിയിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ബി) ഇനി എന്തെല്ലാം പദ്ധതികളാണ് സാമൂഹ്യനീതി വകുപ്പ് സ്വകാര്യമേഖലയിലേയ്ക്കോ എൻ.ജി.ഒ. മേഖലയിലേയ്ക്കോ കൈമാറാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>കേരള ബാലാവകാശ കമ്മീഷൻ മുമ്പാകെയുള്ള പരാതികൾ</u>

T4897 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ബാലാവകാശ കമ്മീഷൻ മുമ്പാകെ ഇപ്പോൾ എത്ര പരാതികൾ പരിഗണനയിലുണ്ട്;

(ബി) ആയതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) അവ എന്ന് തീർപ്പുകൽപ്പിക്കുമെന്നും പ്രസ്തുത പരാതികൾക്കു തീർപ്പുകൽപ്പിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണമെന്താണെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

**കേരള ബാലാവകാശ കമ്മീഷൻ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളും അവരുടെ ആനുകൂല്യങ്ങളും**

T4898 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ബാലാവകാശ കമ്മീഷൻ എന്നു മുതലാണ് പ്രവർത്തനം ആരംഭിച്ചത്;

(ബി) പ്രസ്തുത കമ്മീഷനിൽ നിലവിൽ എത്ര അംഗങ്ങൾ ഉണ്ടെന്നും അവർ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ;

(സി) ടി അംഗങ്ങളെ തെരഞ്ഞെടുത്ത മാനദണ്ഡം എന്താണെന്നു വിശദമാക്കുമോ;

(ഡി) ഇവരിൽ ഓരോരുത്തർക്കും ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>കേരള ബാലാവകാശ കമ്മീഷനിലെ അംഗങ്ങളുടെ ശമ്പളം, ഓണറേറിയം, യാത്രപ്പടി</u>

T4899 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ബാലാവകാശ കമ്മീഷൻ പ്രവർത്തനമാരംഭിച്ചതു മുതൽ നാളിതുവരെ, ടി കമ്മീഷനിലെ അംഗങ്ങൾ ഓരോരുത്തരും ശമ്പളം, ഓണറേറിയം, യാത്രപ്പടി എന്നീ ഇനങ്ങളിൽ കൈപ്പറ്റിയ തുകയുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) നിലവിൽ ബാലാവകാശ കമ്മീഷനിൽ വിവിധ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കുമോ?

## കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>ദത്തെടുക്കൽ നിയമം</u>

4900 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുഞ്ഞുങ്ങളെ ദത്തെടുക്കുന്നത് സംബന്ധിച്ച് പ്രാബല്യത്തിലുള്ള നിയമങ്ങൾ, ചട്ടങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ദത്തെടുക്കൽ സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) ദത്തെടുക്കപ്പെടുന്ന കുഞ്ഞുങ്ങൾക്ക് എന്തെല്ലാം അവകാശങ്ങളാണ് നിയമപരമായി ഉറപ്പുവരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>സി. ഡബ്ല്യൂ. സി. ജീവനക്കാരുടെ ആനുകൂല്യങ്ങൾ</u>

4901 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ൦ ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ചൈൽഡ് വെൽഫയർ കമ്മിറ്റി ആരംഭിച്ചത് ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) സി. ഡബ്യൂ. സി ജീവനക്കാർക്ക് അവസാനമായി ശമ്പള പരിഷ്കരണം നടപ്പിലാക്കിയത് എന്നാണെന്നും പ്രസ്തുത ശമ്പള പരിഷ്കരണം പ്രകാരം ഓരോ തസ്തികയുടെയും ശമ്പളസ്കെയിലുകൾ എത്ര വീതമെന്നും വ്യക്തമാക്കാമോ;

(സി) അടുത്ത ശമ്പള പരിഷ്കരണം എന്നത്തേക്ക് നടപ്പിലാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്;

(ഡി) സി. ഡബ്യൂ. സി. ജീവനക്കാരുടെ പെൻഷൻ പ്രായം എത്രയാണ്; പെൻഷൻ പ്രായം വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഇ) സി. ഡബ്യൂ. സി. ജീവനക്കാർക്ക് ലഭ്യമാക്കുന്ന പെൻഷൻ തുക എത്ര വീതമെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(എഫ്) പെൻഷൻ തുക വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എന്ത് തുക വീതമാണ് വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന വിദ്യാർത്ഥികളെ അനാഥാലയങ്ങളില ചേർത്ത് പഠിപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ</u>

4902 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓർഫനേജ് കൺട്രോൾ ബോർഡ് ചട്ടങ്ങളിൽ അന്യസംസ്ഥാന വിദ്യാർത്ഥികൾക്ക് ഗ്രാന്റ് നൽകേണ്ടതില്ലെന്ന കാര്യം ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) അന്യ സംസ്ഥാന വിദ്യാർത്ഥികളെ ഓർഫനേജിൽ ചേർക്കുന്നതിന് ബന്ധപ്പെട്ട സംസ്ഥാന സർക്കാറിന്റെ അനുമതി വേണമെന്ന വ്യവസ്ഥ മാറ്റി, അനുമതിക്ക് പകരമുള്ള സർട്ടിഫിക്കറ്റ് നൽകേണ്ട ഉദ്യോഗസ്ഥനെ സംബന്ധിച്ച് വ്യക്തത വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കുട്ടികളെ കേരളത്തിൽ പഠിപ്പിക്കുന്നതിന് ജാർഖണ്ഡ്, ബീഹാർ സംസ്ഥാന സർക്കാറുകളുമായി ഒരു മെമ്മോറാണ്ടം ഓഫ് അണ്ടർ സ്റ്റാന്റിംഗ് ഉണ്ടാക്കാൻ തയ്യാറാകുമോ;

(ഡി) ഓർഫനേജുകൾ ഒഴികെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അന്യസംസ്ഥാന വിദ്യാർത്ഥികള പഠിപ്പിക്കുന്നതിന് നിലവിലെ വ്യവസ്ഥ എന്താണെന്ന് അറിയാമോ; എങ്കിൽ വ്യക്തമാക്കാമോ;

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>അന്യസംസ്ഥാനങ്ങളിൽ നിന്ന് കുട്ടികളെ കൊണ്ടുവന്ന സംഭവത്തിൽ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ വിലയിരുത്തൽ</u>

4903 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാനങ്ങളിൽ നിന്ന് കുട്ടികളെ കൊണ്ടുവന്ന സംഭവം ഓർഫനേജ് കൺട്രോൾ ബോർഡ് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ ബോർഡ് തീരുമാനത്തിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) കുട്ടികളെ അർദ്ധരാത്രിക്ക് ശേഷം വാഹനങ്ങളിൽ കുത്തിനിറച്ച് വിവിധ ജില്ലകളിലേക്ക് കൊണ്ടുപോയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ചൈൽഡ് വെൽഫയർ കമ്മിറ്റി ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയിൽ ഓർഫനേജ് കൺട്രോൾ ബോർഡ് അതൃപ്തി രേഖപ്പെടുത്തിയിട്ടുണ്ടോ ?

**കേരള നിയമസഭ**
**27.06.2014-ലെ മറുപടിക്ക്**

<u>അനാഥാലയങ്ങളിലെ അന്യസംസ്ഥാന കുട്ടികള്‍</u>

4904 ശ്രീ. സി. ദിവാകരന്‍

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

ഏതെല്ലാം സംസ്ഥാനങ്ങളില്‍ നിന്നുള്ള കുട്ടികളെയാണ് അനാഥാലയങ്ങളില്‍ പാര്‍പ്പിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

അനാഥാലയങ്ങളുടെ പ്രവർത്തനം

4905 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വിദ്യാഭ്യാസവും ഭക്ഷണവും നൽകേണ്ടുന്ന ആവശ്യത്തിലേക്ക് ഓർഫനേജുകളിലേക്ക് സംസ്ഥാനത്തിന് പുറത്തുനിന്ന് കുട്ടികളെ കൊണ്ടുവരാൻ ആർക്കെങ്കിലും അനുമതി നൽകിയിട്ടുണ്ടോ; ഇത്തരത്തിൽ ഏതെങ്കിലും ഓർഫനേജ് അധികാരികൾ പ്രവർത്തിച്ചിട്ടുള്ളതായി അറിയാമോ ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>വീറ്റ് ബേസ്ഡ് ന്യൂട്രീഷൻ പ്രോഗ്രാം</u>

4906 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ.സി.ഡി.എസ് പദ്ധതിയുടെ കീഴിൽ വീറ്റ് ബേസ്ഡ് ന്യൂട്രീഷൻ പ്രോഗ്രാം അനുസരിച്ച 2012-13 ലും 2013-14ലും എത്ര ടൺ ഭക്ഷ്യധാന്യം ലഭിക്കുകയുണ്ടായി;

(ബി) ഇതു പ്രകാരം ലഭിച്ച അരി, ഗോതമ്പ് എന്നിവ എത്ര ടൺ വിതമെന്ന് അറിയിക്കുമോ;

(സി) ഇതിൽ എത്ര ടൺ ഭക്ഷ്യധാന്യം ഓരോ വർഷവും ഏറ്റെടുക്കുകയുണ്ടായി;

(ഡി) ഏറ്റെടുത്ത ഭക്ഷ്യധാന്യം ഓരോ ജില്ലയിലും എത്ര ടൺ വീതം വിതരണം ചെയ്യുകയുണ്ടായെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

ഐ. സി. ഡി. എസ് മിഷൻ

4907 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ. സി. ഡി. എസ് മിഷൻ രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ ഘടന എന്താണെന്ന് അറിയിക്കുമോ;

(സി) മിഷൻ നിലവിൽ വന്നാൽ ഐ. സി. ഡി. എസ് സ്വകാര്യ സ്ഥാപനങ്ങളുടെ കീഴിലാവുമെന്ന ജീവനക്കാരുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഏതെങ്കിലും സ്വകാര്യസ്ഥാപനങ്ങളെയോ, സർക്കാരിതര സ്ഥാപനങ്ങളെയോ, ഐ. സി. ഡി. എസിന്റെ പ്രവർത്തനങ്ങളിൽ പങ്കാളിയാക്കാൻ ആലോചിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>ശ്രീചിത്രാ ഹോമിലെ പെൺകുട്ടികളെ മാറ്റിപാർപ്പിക്കുന്നതിന്റെ കാരണം</u>

4908 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ ശ്രീചിത്രാഹോമിലെ അന്തേവാസികളായ പെൺകുട്ടികളെ പൂജപ്പുരയിലെ മഹിളാമന്ദിരത്തിലേക്കു മാറ്റി പാർപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ കാരണവും സാഹചര്യവും എന്താണെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

ശ്രീചിത്രാ ഹോം മാറ്റി സ്ഥാപിക്കൽ

4909 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ ശ്രീ ചിത്രാ ഹോം പുതുക്കി പണിയുന്നതിനോ മാറ്റി സ്ഥാപിക്കുന്നതിനോ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ആയത് എന്ന് തുടങ്ങുമെന്നും അത് എവിടേയ്ക്കാണെന്നും എന്ത് കൊണ്ടാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനം പുതുക്കി പണിയാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ, ഇപ്പോഴുള്ള അന്തേവാസികളെ, എവിടേയ്ക്കു മാറ്റി പാർപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

ശൈശവവിവാഹത്തിനെതിരെ ബോധവല്‍ക്കരണം

4910 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഇടുക്കി ജില്ലയില്‍ ശൈശവവിവാഹങ്ങള്‍ വര്‍ദ്ധിക്കുന്നതായ റിപ്പോര്‍ട്ടുകള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) മറ്റു ജില്ലകളെ അപേക്ഷിച്ച് ഇടുക്കി ജില്ലയില്‍ ശൈശവ വിവാഹങ്ങള്‍ വര്‍ദ്ധിക്കുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇടുക്കി ജില്ലയിലെ തമിഴ് വിഭാഗങ്ങള്‍ക്കിടയിലെ ശൈശവ വിവാഹങ്ങള്‍ നിരുത്സാഹപ്പെടുത്തുന്നതിന് വകുപ്പ്തലത്തില്‍ എന്തെല്ലാം ബോധവല്‍ക്കരണ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ അനാഥാലയങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം</u>

4911 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള കാസർഗോഡ് ജില്ലയിലെ അനാഥാലയങ്ങളിൽ സംരക്ഷിക്കപ്പെടുന്ന എത്ര കുട്ടികൾക്കാണ് വിദ്യാഭ്യാസ ധനസഹായം ലഭ്യമാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) എത്ര കുട്ടികളുടെ അപേക്ഷയാണ് വിദ്യാഭ്യാസ ധനസഹായത്തിന് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് മഹിളാ മന്ദിരം</u>

4912 ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മഹിളാ മന്ദിരത്തിന്റെ കെട്ടിടം പണി പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ഈ സ്ഥാപനത്തിൽ അധിക ജോലികൾക്കായി കൂടുതൽ തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇപ്രകാരം അനുവദിച്ച തുകകൊണ്ട് എന്തെല്ലാം പ്രവൃത്തികളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഈ പ്രവൃത്തികൾ ടെൻഡർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ?

**കേരള നിയമസഭ**
**27.06.2014-ലെ മറുപടിക്ക്**

<u>പിണറായിയിലെ ബാലഭവന്‍ ആരംഭിക്കുന്നതിനുള്ള നടപടി</u>

4913 ശ്രീ. കെ.കെ. നാരായണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും **വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍ ജില്ലയിലെ പിണറായിയില്‍ അനുവദിച്ച ബാലഭവന്‍ ആരംഭിക്കുന്നതിനുള്ള പ്രവര്‍ത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് എന്ന് ആരംഭിക്കുന്നതിന് സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

ഇടുക്കി മണ്ഡലത്തിലെ വാർദ്ധക്യകാല പെൻഷൻ വിതരണം

4914 ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി നിയോജക മണ്ഡലത്തിൽ എത്ര ആളുകൾക്കാണ് വാർദ്ധക്യ കാല പെൻഷൻ അനുവദിച്ച് നൽകുന്നത്;

(ബി) പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുടിശിക തീർത്ത് പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം</u>

4915 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായമായി എത്ര രൂപയാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) 18 വയസ്സ് പൂർത്തിയായ ആൺമക്കളുണ്ടെങ്കിൽ ഇത്തരത്തിലുള്ള ധനസഹായം നൽകരുതെന്ന് വ്യവസ്ഥയുണ്ടോ; എങ്കിൽ ഈ വ്യവസ്ഥ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>മുളക്കുളം പഞ്ചായത്തിൽ വൃദ്ധ സദനം</u>

4916 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ മുളക്കുളം പഞ്ചായത്തിൽ വൃദ്ധസദനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) വൃദ്ധസദനം രൂപീകരിക്കുന്നത് സംബന്ധിച്ച് ബഹു: പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കഴിഞ്ഞ നിയമസഭാ സമ്മേളനകാലത്ത് വിളിച്ചുകൂട്ടിയ ഉന്നത തലയോഗത്തിന്റെ തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ; ഇവ നടപ്പിൽ വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധിച്ച് സാമൂഹ്യനീതി വകുപ്പിൽ ഫയൽ നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ നമ്പരുകൾ നൽകാമോ;

(ഡി) ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഉന്നതതല യോഗത്തിന്റെ മിനിട്സ് നൽകാമോ; യോഗത്തിൽ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ</u>

4917 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗൻവാടികളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) ഓരോ വർഷവും ഈ ആവശ്യത്തിലേയ്ക്ക് അനുവദിച്ച തുകയും വിനിയോഗിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

അംഗൻവാടി അദ്ധ്യാപകരുടെയും ഹെൽപ്പർമാരുടെയും പ്രതിമാസ വരുമാനം

4918 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗൻവാടി അധ്യാപകർക്കും ഹെൽപ്പർമാർക്കും ഇപ്പോഴുള്ള പ്രതിമാസ വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>അംഗൻവാടി ജീവനക്കാരുടെ പെൻഷൻതുക വർദ്ധിപ്പിക്കാൻ നടപടി</u>

4919 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

അംഗൻവാടി ജീവനക്കാരുടെ പെൻഷൻ തുക വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

<u>അംഗൻവാടി ജീവനക്കാരുടെ പെൻഷൻ</u>

4920 ശ്രീമതി ഗീതാഗോപി

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

'കുറഞ്ഞ പെൻഷൻ നയം' അംഗൻവാടി ജീവനക്കാർക്കും ബാധകമാക്കുമോ?

**കേരള നിയമസഭ**
**27.06.2014-ലെ മറുപടിക്ക്**

<u>ആലത്തൂർ മാതൃകാ അംഗൻവാടികൾ</u>

4921 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ നിന്നും മാതൃകാ അംഗൻവാടിയായി ഉയർത്തുന്നതിനുള്ള അംഗൻവാടികളുടെ പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനു ഭരണാനുമതി ലഭ്യമായിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

ചാത്തന്നൂരിലെ അംഗൻവാടികളുടെ പുനരുദ്ധാരണം

4922 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ ഐ.സി.ഡി.എസ്. ഓഫീസിന്റെ പരിധിയിൽ ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം എത്ര അംഗൻവാടികളുടെ പുനരുദ്ധാരണം നടത്തുന്നതിലേക്കാണ് നിർദ്ദേശം ലഭിച്ചിരിക്കുന്നത് ; പ്രസ്തുത അംഗൻവാടികളുടെ പേരും നമ്പരും അറിയിക്കുമോ ;

(ബി) നിർദ്ദേശിച്ച അംഗൻവാടികൾ എല്ലാംതന്നെ പുനരുദ്ധാരണം നടത്തുവാൻ വിധം സൗകര്യങ്ങൾ ഉള്ളവയായിരുന്നോ; ഇല്ലെങ്കിൽ ഏതെല്ലാം അംഗൻവാടികളെ പ്രസ്തുത പദ്ധതിയിൽ നിന്നും ഒഴിവാക്കേണ്ടിവന്നുവെന്നും അതിനുള്ള കാരണം എന്തെല്ലാമാണെന്നും അറിയിക്കുമോ ;

(സി) പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുവാനായി തെരഞ്ഞെടുക്കപ്പെട്ട അംഗൻവാടികൾ എതെല്ലാമാണെന്നും ഇതിലേക്കായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**27.06.2014-ലെ മറുപടിക്ക്**

<u>പിണറായിയിലെ അംഗൻവാടി ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനം</u>

4923 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിണറായിയിൽ ആരംഭിക്കുന്ന അംഗൻവാടി ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കുന്നതിന് സാധിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

മാവേലിക്കര മണ്ഡലത്തിൽ മാതൃകാ അംഗൻവാടി ആരംഭിക്കുന്നതിനുള്ള നടപടികൾ

4924 ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ മാതൃകാ അംഗൻവാടിയ്ക്ക് എം.എൽ.എ യുടെ നിർദ്ദേശം ലഭ്യമായിട്ടുണ്ടോ;

(ബി) മാതൃകാ അംഗൻവാടി ആരംഭിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ;

(സി) മാതൃകാ അംഗൻവാടി ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) മാതൃകാ അംഗൻവാടി ചുനക്കര ഗ്രാമപഞ്ചായത്തിൽ ആരംഭിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ടോ ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>എലത്തൂർ മണ്ഡലത്തിൽ മാതൃകാ അംഗൻവാടികൾ</u>

4925 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജക മണ്ഡലത്തിലെ ഏത് അംഗൻവാടിയെയാണ് മാതൃക അംഗൻവാടി ആക്കാനായി തിരഞ്ഞെടുത്തതെന്ന് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത അംഗൻവാടിയെ മാതൃകാ അംഗൻവാടി ആക്കാനുള്ള നടപടികളുടെ പുരോഗതി വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

മൂന്നാർ, മറയൂർ ഗ്രാമപഞ്ചായത്തിലെ
അംഗൻവാടികളെക്കുറിച്ചുള്ള അന്വേഷണം

4926 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂന്നാർ ഗ്രാമപഞ്ചായത്തിൽ കോടതിയുടെ നിലപാട് മറി കടക്കാൻ ഏതാനും ചില അംഗൻവാടി സെന്ററുകൾ ഉദ്യോഗസ്ഥർ സ്വന്തം താൽപ്പര്യപ്രകാരം സർക്കാർ അനുവദിച്ച സ്ഥലത്തു നിന്നും മാറ്റി കോടതി ഉത്തരവ് മറി കടന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഇക്കാര്യത്തിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ;

(ബി) മറയൂർ ഗ്രാമപഞ്ചായത്തിലെ എത്ര അംഗൻവാടി സെന്ററുകളിലാണ് കുട്ടികൾ ഇല്ലാത്തത് എന്ന് പരിശോധന നടത്തുകയും ഭക്ഷ്യസാധനങ്ങളുടെ വിലയും, ഇപ്രകാരം വാങ്ങിയ ഭക്ഷണസാധനങ്ങൾ പരിശോധിക്കുകയും സോഷ്യൽ ഓഡിറ്റ് നടത്തി ശിക്ഷണ നടപടി സ്വീകരിക്കുകയും ചെയ്യുമോ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

കാസർഗോഡ് ജില്ലയിലെ ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരമുള്ള അംഗൻവാടികൾ

4927 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.ഐ.ഡി.എഫ് പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ എത്ര അംഗൻവാടി കെട്ടിടങ്ങളാണ് അനുവദിച്ചിട്ടുള്ളത്;

(ബി) ഇതിൽ കാസർഗോഡ് ജില്ലയിൽ കെട്ടിടനിർമ്മാണത്തിന് അനുവദിച്ച അംഗൻവാടി, അനുവദിച്ച തുക എന്നിവ പട്ടിക സഹിതം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>മോട്ടോർ ഘടിപ്പിച്ച മുച്ചക്രവാഹനങ്ങൾ</u>

4928 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ ഘടിപ്പിച്ച മുച്ചക്രവാഹനങ്ങൾ നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ നിന്നും എത്ര പേർക്ക് വാഹനങ്ങൾ നല്കിയെന്ന് അറിയിക്കുമോ;

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ഇതുവരെ ലഭിച്ചുവെന്നും എത്ര പേർക്ക് വാഹനങ്ങൾ നല്കിയെന്നും അറിയിക്കുമോ; വാഹനങ്ങൾ ലഭിച്ചവരുടെ പേരു വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) വാഹനം നല്കുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

എറണാകുളം ജില്ലയിലെ സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള ഒഴിവുകൾ

4929 ശ്രീ. ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള എറണാകുളം ജില്ലയിലെ വിവിധ ഓഫീസുകളിൽ നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെയും എൽ.ഡി. ക്ലാർക്കുമാരുടെയും എൽ.ഡി. ടൈപ്പിസ്റ്റുമാരുടെയും ഒഴിവുകൾ കൃത്യസമയത്ത് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ എപ്പോഴെങ്കിലും എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടോ;

(ബി) നാളിതുവരെയുള്ള ഏതെങ്കിലും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതെ കിടപ്പുണ്ടോ ;

(സി) 2014 ആഗസ്റ്റ് 31 വരെ എത്ര ഒഴിവുകൾ ഉണ്ടാകാനിടയുണ്ട് ; ഈ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

ഗ്രാമസഭാംഗങ്ങൾക്ക് പരിശീലനം നൽകുന്നതിനുള്ള 'കില'യുടെ പദ്ധതി

4930 ശ്രീ. പി. എ. മാധവൻ
,, പാലോട് രവി
,, സണ്ണി ജോസഫ്
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'കില'യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) ഗ്രാമസഭാംഗങ്ങൾക്ക് അവരുടെ ഉത്തരവാദിത്വങ്ങളെപ്പറ്റി പരിശീലനം നൽകുന്നതിന് 'കില' പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനവും എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജൂൺ 18.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്. [ചട്ടം 47(1)]

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.